# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 മാർച്ച് 18**

---

## ഡോ. ബിജു ലക്ഷ്മണന്റെ സംഭാവനകൾ അതുല്യം-വൈസ് ചാൻസലർ

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്കും സമൂഹത്തിനു പൊതുവിലും നൽകിയ സംഭവാനകളുടെ പേരിൽ ഡോ. ബിജു ലക്ഷ്മണൻ എക്കാലവും സ്മരിക്കപ്പെടുമെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു. സർവകലാശാലാ അസംബ്ലി ഹാളിൽ നടന്ന ഡോ. ബിജു ലക്ഷ്മണൻ അനുസ്മരണ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രവർത്തിച്ച മേഖലകളിലെല്ലാം വ്യക്തിമുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിനു സാധിച്ചതായി വൈസ് ചാൻസലർ ചൂണ്ടിക്കാട്ടി.

സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സക്കറിയ, പി. ഹരികൃഷ്ണൻ, രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, സെനറ്റ് അംഗം എം.എസ്. സുരേഷ്, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, ഫിനാൻസ് ഓഫീസർ ബിജു മാത്യു, പ്രഫ. പി.പി. നൗഷാദ്, അധ്യാപക സംഘടനാ പ്രതിനിധികളായ ഡോ. പി.ആർ. ബിജു, ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, ഡോ. ബിജു ലക്ഷ്മണനു കീഴിൽ ഗവേഷണം നടത്തുന്ന വിദേശ വിദ്യാർഥി അലി റുവ, ജീവനക്കാരുടെ സംഘടനാ പ്രതിനിധികളായ കെ.ടി. രാജേഷ്കുമാർ, ജോസ് മാത്യു, പി.കെ. രമേശ്കുമാർ, എ.പി. അനിൽകുമാർ, വൈ. സക്കീർ ഹുസൈൻ, വിദ്യാർഥി പ്രതിനിധികളായ അശ്വിൻ രാജൻ വർഗീസ്, പി. അ ഖിൽ തുടങ്ങിയവർ സംസാരിച്ചു.

**ഫോട്ടോ ക്യാപ്ഷൻ...**

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന ഡോ. ബിജു ലക്ഷ്മണൻ അനുസ്മരണ സമ്മേളനത്തിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ സംസാരിക്കുന്നു.

(പി.ആർ.ഒ/39/258/2024)

## ദേശീയ സെമിനാർ 26ന്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് മൗലാന ആസാദ് ചെയറിന്റെ ആഭിമുഖ്യത്തിൽ ദിവ്യാംഗ്ജൻ - കടമയും കർത്തവ്യവും എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന ദേശീയ ബോധവത്കരണ സെമി

നാർ മാർച്ച് 26ന് നടക്കും.
സെമിനാറിൽ അവതരപ്പിക്കുന്നതിന് വിദ്യാർഥികളിൽ നിന്നും അധ്യാപകരിൽ നിന്നും പ്രബന്ധങ്ങൾ ക്ഷണിച്ചു. ഫോൺ: 9446154254

(പി.ആർ.ഒ/39/259/2024)

## <u>പരീക്ഷകൾ മാർച്ച് 25 മുതൽ</u>

അഞ്ചാം സെമസ്റ്റർ സിബിസിഎസ്(സ്പെഷ്യൽ റീഅപ്പിയറൻസ് 2021 അഡ്മിഷൻ ബാച്ചിലെ പരാജയപ്പെട്ട വിദ്യാർഥികൾക്കു മാത്രം - മാർച്ച് 2024) പരീക്ഷകൾ മാർച്ച് 25ന് തുടങ്ങും. വിശദമായ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/260/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**